പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവമാണ്. ഇതു സംബന്ധിച്ച് ഗവൺമെന്റ് വിശദമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ വ്യക്തവും സ്വീകാര്യവുമായിട്ടുള്ള രേഖകൾ ഹാജരാകുന്ന മുഴുവൻ ആളുകൾക്കും പട്ടികജാതി ആണെങ്കിൽ പട്ടികജാതിയെന്നും പട്ടിക വർഗ്ഗമാണെങ്കിൽ പട്ടികവർഗ്ഗമെന്നും സർട്ടിഫിക്കറ്റ് കൊടുക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ചില പ്രദേശങ്ങളിൽ ഇപ്പോഴും ഈ തർക്കം നിലനിൽക്കുന്നുണ്ട്. ആ തർക്കങ്ങളെല്ലാം തന്നെ എത്രയും പെട്ടെന്ന് പരിഹരിക്കാൻ കഴിയുന്ന തരത്തിൽ അതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടു പോകാൻ ഗവൺമെന്റ് ശ്രമിച്ചുവരികയാണ്. തർക്കങ്ങൾ എത്രയും പെട്ടെന്ന് പരിഹരിക്കുന്നതാണ്.

(13) വയനാട് ജില്ലയിലെ തിരുനെല്ലിയിലും കണ്ണൂർ ജില്ലയിലെ കൊട്ടിയൂരും കാട്ടാന വരുത്തിയ നാശനഷ്ടങ്ങൾ സംബന്ധിച്ച്

ശ്രീമതി രാധാ രാഘവൻ: സർ, എന്റെ നിയോജകണ്ഡലത്തിലെ തിരുനെല്ലി പഞ്ചായത്തിലും കൊട്ടിയൂർ പഞ്ചായത്തിലുമുള്ള സാധാരണ കർഷകർ അവരുടെ കൃഷിയും വീടും കാട്ടാന തകർത്തതുമൂലം വളരെ കഷ്ടത്തിലാണ്. പലപ്രാവശ്യം ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിലും ഈ സഭയിലും ഉന്നയിച്ചുവെങ്കിലും പരിഹാരം കാണുന്നതിന് സർക്കാർ ഭാഗത്തുനിന്നും ആത്മാർത്ഥമായി ഒരു ശ്രമവും നടന്നിട്ടില്ല. തിരുനെല്ലിയിൽ 1999 ഏപ്രിൽ 18-ന് 6 വീടുകളാണ് കാട്ടാന നശിപ്പിച്ചത്. വനവല്ലിയിൽ ഇക്കഴിഞ്ഞ ഏപ്രിൽ 19-ന് 5 വീടുകളും അപ്പപ്പാറയിൽ മേയ് മാസം 25-ാം തീയതി 11 വീടുകളും കാട്ടാന നിശ്ശേഷം നശിപ്പിച്ചു. ചേകാടി കോട്ടാമൂല ഭാഗത്ത് ഒരു രാത്രി കൊണ്ട് 10 വീടുകൾ കാട്ടാന തകർത്തു. ഈ ഭാഗത്ത് ട്രഞ്ച് നിർമ്മാണം പൂർത്തീകരിക്കുകയോ വൈദ്യുതി കമ്പിവേലി നിർമ്മാണം നടപ്പാക്കുകയോ ചെയ്തിട്ടില്ല. കൊട്ടിയൂർ പ്രദേശത്തെ കുടിയേറ്റ കർഷകർ മുഴുവൻ ഭീതിയിലാണ്. പ്രകൃതിക്ഷോഭം കൊണ്ട് കഷ്ടപ്പെടുന്ന കർഷകർ കാട്ടാന ശല്യം കൊണ്ടും പൊറുതിമുട്ടിയിരിക്കുകയാണ്. കായ്ഫലമുള്ള തെങ്ങ്, കവുങ്ങ് കുരുമുളകുവള്ളി, വാഴ തുടങ്ങിയ സർവ്വ കൃഷിയും ആന നശിപ്പിച്ചു. ഉദ്ദേശം 7 ലക്ഷം രൂപയ്ക്കുള്ള കൃഷി നാശം സംഭവിച്ചതായി പരാതിയുണ്ട്. കാട്ടാന നശിപ്പിച്ച വീടുകൾക്കുപകരം സർക്കാർ വീടുവച്ച് നൽകണമെന്നും നശിപ്പിച്ച കൃഷിക്ക് മതിയായ നഷ്ടപരിഹാരം നൽകണമെന്നും അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ ട്രഞ്ച് നിർമ്മാണം തിരുനെല്ലി പഞ്ചായത്തിൽ പ്രത്യേകിച്ചും പറയുകയുണ്ടായി. ബാക്കിയുള്ള ഭാഗത്ത് പാറപൊട്ടിച്ച് ട്രഞ്ച് നിർമ്മിക്കുകയാണെങ്കിൽ ആ ഭാഗത്ത് ആന കയറാതെ സംരക്ഷിക്കാനും കഴിയുന്നതാണ്. അതുപോലെതന്നെ കൊട്ടിയൂർ പഞ്ചായത്തിൽ ട്രഞ്ച് നിർമ്മാണത്തിന് കമ്പിവേലി അല്ലെങ്കിൽ ഏറ്റവും കൂടുതൽ ഗുണകരമായിട്ടുള്ളത് ആ ഭാഗത്ത് സംസ്ഥാന ഗവണ്മെന്റിന്റെയും കേന്ദ്ര സർക്കാരിന്റെയും ഫണ്ടുപയോഗിച്ച് കരിങ്കൽ മതിൽ ഉണ്ടാക്കുകയാണ്. അതാണ് ഏറ്റവും ശാശ്വതമായിത്തീരുക എന്ന് ബഹുമാനപ്പെട്ട മന്ത്രിയോടും ഈ സഭയോടും ഞാൻ ആത്മാർത്ഥമായി അഭ്യർത്ഥിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : സർ, വയനാട് ജില്ലയിലെ തിരുനെല്ലി പഞ്ചായത്തിൽ കാട്ടാന

LIBRARY ARCHIVES Kerala Legislative Assembly

നാശം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടു. 1999 ഏപ്രിൽ മാസം മുതൽ ഇതുവരെ 14 വീടുകൾ നശിപ്പിച്ചിട്ടുണ്ട്. വീടുനഷ്ടമായ 13 പേർക്ക് "The kerala Rules for payment of Compensation to Victims of Wildlife Animal" 1980-ാം ചട്ട പ്രകാരം നഷ്ടപരിഹാരമായി ഇതുവരെ 35,375 രൂപ നൽകിയിട്ടുണ്ട്. ബാക്കിയുള്ള ഒരാളുടെ നഷ്ടപരിഹാരം നൽകാനായി നടപടി സ്വീകരിച്ചുവരുന്നു. നോർത്ത് വയനാട്ടിൽ വനാതിർത്തിയിൽ 46 കിലോമീറ്റർ വൈദ്യുതി കമ്പിവേലി കെട്ടിയിട്ടുണ്ട്. ഫണ്ട് ലഭിച്ചതനുസരിച്ച് സമീപവാസികളുടെ സഹകരണത്തോടും പങ്കാളിത്തത്തോടുംകൂടി ഇത്രയും പ്രതിരോധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കണ്ണൂർ ജില്ലയിലെ കൊട്ടിയൂർ വില്ലേജിൽ 10 കൈവശ സ്ഥലങ്ങളിലായി ഉദ്ദേശം 20 ഏക്കർ സ്ഥലത്തെ കൃഷി നശിച്ചതായും 50,000 രൂപ നഷ്ടം കണക്കാക്കിയതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൻമേൽ നടപടികൾ സ്വീകരിച്ചുവരുന്നു. കൊട്ടിയൂരിൽ പന്നിയാൻമല മുതൽ 10 കിലോമീറ്റർ ദൂരത്തിൽ വനാതിർത്തിയിൽ വൈദ്യുതി കമ്പിവേലി കെട്ടുന്നതിന് ട്രൈബൽ സബ് പ്ലാൻ പ്രകാരം അംഗീകാരം കിട്ടിയിട്ടുണ്ട്. കൊട്ടിയൂർ വില്ലേജിൽ ഏകദേശം 63 ഹെക്ടർ സ്ഥലം പൊന്നുവിലയ്ക്കെടുത്ത് എലിഫന്റ് കോറിഡോർ സൃഷ്ടിച്ച് കാട്ടാനകളുടെ സുഗമ സഞ്ചാരത്തിനായി പരിപാലിക്കാൻ ലക്ഷ്യമുണ്ട്. ഇതിനായി 96.28 ലക്ഷം രൂപ കണ്ണൂർ ജില്ലാകളക്ടർക്ക് നൽകിയിട്ടുണ്ട്. കഴിഞ്ഞ 3 സാമ്പത്തികവർഷങ്ങളിലായി 2.5 ലക്ഷം രൂപ വയനാട് ജില്ലയ്ക്കും 1.84 ലക്ഷം രൂപ കണ്ണൂർ ജില്ലയ്ക്കും നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്. പ്രതിരോധ നടപടികൾക്കും നഷ്ടപരിഹാരം നൽകുന്നതിനും എലിഫന്റ് കോറിഡോറുകൾ സൃഷ്ടിക്കുന്നതിനും മറ്റുംവേണ്ടി ഫണ്ട് ലഭ്യമാക്കുന്നതിന് കേന്ദ്രസഹായവും പ്രതീക്ഷിക്കുകയാണ്.

(14) കോളയാട് പെരുവ കുറിച്യ ആദിവാസി കോളനിയിലെ പെരുവ-ചെമ്പുകാവ് റോഡ്, കടൽകണ്ടം പാലം എന്നിവയുടെ പണി

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : സർ, കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കോളയാട് പഞ്ചായത്തിൽപ്പെട്ട കണ്ണവം റിസർവ് വനം നൂറ്റാണ്ടുകളായി കുറിച്യ വിഭാഗത്തിൽപ്പെട്ട ആദിവാസികളുടെ താമസസ്ഥലമാണ്. കേരളവർമ്മ പഴശ്ശിരാജാവിന്റെ സാമ്രാജ്യത്തിനെതിരായി യുദ്ധത്തിൽ പങ്കെടുത്ത കുറിച്യ മൂപ്പന്റേയും പടയാളികളുടേയും പിൻമുറക്കാരാണ് അവർ. അവർക്ക് പരിമിതമായ ജീവിതസൗകര്യങ്ങളെങ്കിലും കൊടുക്കുക എന്നത് വളരെ ആശ്വാസപ്രദമായിരിക്കും. 1987-ൽ ഇടതുപക്ഷ മുന്നണിയുടെ ഗവണ്മെന്റാണ് ആ ഭാഗത്തേയ്ക്കുള്ള റോഡ് ടാർചെയ്ത് ഗതാഗതയോഗ്യമാക്കിക്കൊടുത്തത്. ഈ റോഡ് 5 കിലോമീറ്റർ ദൂരംകൂടി ടാർ ചെയ്താൽ ആദിവാസി കേന്ദ്രത്തിൽനിന്നും പട്ടണത്തിലേയ്ക്കും മറ്റും വരാനുള്ള പാത പൂർത്തിയാകും. അവിടെ 3 കിലോമീറ്റർ മാത്രമേ ടാറിംഗ് നടന്നിട്ടുള്ളൂ. ബാക്കിയുള്ള രണ്ടുകിലോമീറ്റർകൂടി ടാർ ചെയ്യുന്നതിനും അതുപോലെ ആദിവാസി കുട്ടികൾക്ക് സ്കൂളുകളിൽ വരാനുള്ള അത്യാവശ്യമായിട്ടുള്ള കടൽക്കണ്ടം പാലത്തിന്റെ നിർമ്മാണത്തിന് എസ്റ്റിമേറ്റൊക്കെ തയ്യാറാക്കി അയച്ചതാണ്, അത് വളരെപ്പെട്ടെന്ന് നടത്തേണ്ടതായിട്ടുണ്ട്. വളരെയധികം പ്രശ്നങ്ങളിൽ രണ്ടുപ്രശ്നങ്ങൾ മാത്രമേ ഞാനിപ്പോൾ ഈ സബ്മിഷന്റെ ഭാഗമായി ചൂണ്ടിക്കാണിച്ചിട്ടുള്ളൂ. ഈ കാര്യങ്ങൾ പരിഗണിച്ച് നടപ്പിലാക്കിത്തരണമെന്ന് അപേക്ഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly